കേരളസർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. **161/2026** തിരുവനന്തപുരം, തീയതി : **31/07/2026**

# പത്രക്കുറിപ്പ്

## ബിരുദ (FYUGP) പ്രവേശനം - 2026
## ബിഎ മ്യൂസിക് - ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്

ശ്രീ.സ്വാതിതിരുനാൾ ഗവ. മ്യൂസിക് കോളേജിലെ ബിഎ മ്യൂസിക്, ഡാൻസ്, വയലിൻ, വീണ, മൃദംഗം തുടങ്ങിയ കോഴ്സുകളിലേക്കും എച്ച്.എച്ച്.എം.എസ്.പി.ബി. എൻ.എസ്.എസ് കോളേജ് ഫോർ വിമൺ, നീറമൺകര, ഗവൺമെന്റ് കോളേജ് ഫോർ വിമൺ, വഴുതക്കാട്, എസ്.എൻ. കോളേജ് ഫോർ വിമൺ, കൊല്ലം എന്നീ കോളേജുകളിലെ ബിഎ മ്യൂസിക് കോഴ്സിലേക്കും 2026-27 അദ്ധ്യയന വർഷത്തിലേക്കുള്ള രണ്ടാം ഘട്ട പ്രവേശനത്തിനുള്ള അഭിരുചി പരീക്ഷ (Aptitude Test) താഴെ പറയുന്ന തീയതികളിൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്.

| കോഴ്സ് | തീയതി |
|---|---|
| ബിഎ മ്യൂസിക് | 03.08.2026 & 04.08.2026 |
| ബിഎ ഡാൻസ്, വയലിൻ, വീണ, മൃദംഗം | 05.08.2026 & 06.08.2026 |

വിശദമായ ഷെഡ്യൂൾ സർവകലാശാല അഡ്മിഷൻ വെബ്സൈറ്റിൽ (admissions.keralauniversity.ac.in/fyugp2026/) ലഭ്യമാണ്.

## കേരള സർവകലാശാല
## ബിരുദാനന്തര ബിരുദപ്രവേശനം - 2026
## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.
## കോളേജ് പ്രവേശനം ആഗസ്റ്റ് 1 മുതൽ 3 വരെ.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റ് വെബ്സൈറ്റിൽ (admissions.keralauniversity.ac.in/pg2026/) പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റ് എന്ന ടാബ് ഉപയോഗിച്ച് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള പക്ഷം ഫീസ് ഒടുക്കി (നിലവിൽ യൂണിവേഴ്സിറ്റി ഫീ അടയ്ക്കാത്തവർ) അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത്

ആയതിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരാകേണ്ടതാണ്. **ആഗസ്റ്റ് 1 മുതൽ 3 വരെ** തീയതികളിലാണ് കോളേജ് പ്രവേശനം. കമ്മ്യൂണിറ്റി ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, ടി.സി എന്നിവ ഉൾപ്പെടെ എല്ലാ സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്.

അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക. സംശയനിവാരണത്തിനായി 8281883052 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക.

## പരീക്ഷാഫലം

കേരളസർവകലാശാല 2026 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിഎ ഇംഗ്ലീഷ് ആന്റ് മലയാളം ലിറ്ററേച്ചേഴ്സ്, ബിഎ ഇക്കണോമിക്സ് ആന്റ് മീഡിയ സ്റ്റഡീസ്, ബിഎ ഇക്കണോമിക്സ് ആന്റ് മാത്തമാറ്റിക്സ്, ബിഎസ്സി മാത്തമാറ്റിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബികോം അക്കൗണ്ട്സ് ആന്റ് ഡാറ്റാ സയൻസ് ഡബിൾ മെയിൻ (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2022 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ആഗസ്റ്റ് 08 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാ വിജ്ഞാപനം

കേരളസർവകലാശാല നടത്തുന്ന ആറാം സെമസ്റ്റർ ബിഎ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (സപ്ലിമെന്ററി - 2022 & 2023 അഡ്മിഷൻ), സെപ്റ്റംബർ 2026 പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തുന്ന ആറാം സെമസ്റ്റർ ബിഎ/ബിഎസ്സി/ബികോം ഡബിൾ മെയിൻ (സപ്ലിമെന്ററി - 2022 & 2023 അഡ്മിഷൻ), സെപ്റ്റംബർ 2026 പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 സെപ്റ്റംബർ 15 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബിഎ/ബികോം/ബിബിഎ എൽഎൽബി ബിരുദ പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ആഗസ്റ്റിൽ നടത്തുന്ന ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വൈവവോസി പരീക്ഷാ തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2026 ആഗസ്റ്റ് 5 ന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എംഎസ്സി കെമിസ്ട്രി (ന്യൂജെൻ), ഏപ്രിൽ 2026 പരീക്ഷയുടെ വൈവവോസി ആഗസ്റ്റ് 6 ലേക്ക് പുനഃക്രമീകരിച്ചു. പരീക്ഷാ കേന്ദ്രത്തിലോ സമയത്തിലോ മാറ്റമില്ല.

കേരളസർവകലാശാല 2026 ആഗസ്റ്റ് 5, 6 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എംഎസ്‌സി കെമിസ്ട്രി, ഏപ്രിൽ 2026 പരീക്ഷയുടെ വൈവവോസി യഥാക്രമം ആഗസ്റ്റ് 6, 7 തീയതികളിലേക്ക് പുനഃക്രമീകരിച്ചു. പരീക്ഷാ കേന്ദ്രത്തിലോ സമയത്തിലോ മാറ്റമില്ല.

## പരീക്ഷാ രജിസ്‌ട്രേഷൻ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എംബിഎ (ഫുൾടൈം/ട്രാവൽ & ടൂറിസം/ഡിസാസ്റ്റർ മാനേജ്മെന്റ് – റെഗുലർ - 2024 അഡ്മിഷൻ, സപ്ലിമെന്ററി - 2022 & 2023 അഡ്മിഷൻ), സെപ്റ്റംബർ 2026 പരീക്ഷയുടെ രജിസ്‌ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.



**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**